


# പ്ലാച്ചിമട നഷ്ടം : കേരളീയർക്ക് നൽകുന്ന സന്ദേശം

പാലക്കാട് : പ്ലാച്ചിമടയിൽ കോളക്കമ്പനിമൂലമുണ്ടായ നഷ്ടത്തിന്റെ 'തോതും സ്വഭാവവും' പഠിക്കാൻ കേരളസർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ പ്രവർത്തനം 4 മാസം പിന്നിടുമ്പോൾ സെപ്തംബർ 30നകം പരാതികളും നിർദ്ദേശങ്ങളും അറിയിക്കണമെന്ന് കെ. ജയകുമാർ അദ്ധ്യക്ഷനായ സമിതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രശ്നബാധിതരായ നാട്ടുകാർക്കും തൽപ്പരരായ സംഘടനകൾക്കും വ്യക്തികൾക്കും 'ഭൂജല വകുപ്പി'നെ പരാതിയും നിർദ്ദേശവുമായി സമീപിക്കാം.

കോളക്കമ്പനി മൂലം 2002 ഏപ്രിൽ 22ന് നാട്ടുകാർ ഔപചാരികമായി സമരം ആരംഭിച്ചിട്ട് ഇപ്പോൾ വർഷം 7 കഴിഞ്ഞു. കമ്പനി പ്രവർത്തനം ആരംഭിച്ചിട്ട് 9 വർഷവും കഴിഞ്ഞു. പ്ലാച്ചിമട സമരപ്പന്തലിൽ ഇപ്പോഴും സമരം സജീവമാണ്. കിണറുകൾ, കൃഷി, തൊഴിൽ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പല കോളനി വാസികൾക്കും കുടിവെള്ളത്തിന് ഇപ്പോഴും ലോറി വെള്ളത്തെയാണ് ആശ്രയിക്കേണ്ടിവരുന്നത്. കമ്പനി ഇപ്പോൾ ഉല്പാദനം നടത്തുന്നില്ലെങ്കിലും കിണറിലെ ജലം മാലിന്യ വിമുക്തമായിട്ടില്ല. പ്ലാച്ചിമട സമരസമിതിയുടേയും ഐക്യദാർഢ്യ സമിതിയുടേയും സമരാവശ്യങ്ങൾ ഇവയാണ് :

**1. പ്ലാച്ചിമടയുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച കൊക്കക്കോള കമ്പനി തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകി പുറത്തുപോവുക.**

**2. പ്ലാച്ചിമടയെ വിഷമയമാക്കിയ കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യുക.**

**3. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടു കൂടിയ പരമാധികാരം നൽകുക.**

**4. പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത്‌രാജ് ആക്ടിലും, മലിനീകരണ നിയന്ത്രണനിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക.**

ഇതിനിടെ വിദഗ്ദസമിതിയുടെ പ്രവർത്തനം സംബന്ധിച്ച് പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

എട്ടുവർഷത്തിലേറെയായി ശാരീരികവും മാനസികവുമായ പീഢനമനുഭവിക്കുന്ന പ്ലാച്ചിമടയിലെ ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് ഉണ്ടായ നഷ്ടങ്ങളും കോട്ടങ്ങളും പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും അന്വേഷണം വൈകിയ സ്ഥിതിക്ക് ആവശ്യമായ സമയം കൂട്ടി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. വിദ്ഗദ സമിതിയുടെ ചെയർമാൻ കെ.ജയകുമാർ ഐ.എ.എസ് 4 വകുപ്പുകളുടെ തലവനാണെന്നും അതുകൊണ്ട് ഇത്തരം ഒരു പഠനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ട സാവകാശം അദ്ദേഹത്തിനുണ്ടാവില്ലെന്നും പഠനത്തിൽ വല്ല പോരായ്മകളും സംഭവിച്ചാൽ ബഹു രാഷ്ട്ര കുത്തക ഭീമനായ കൊക്കക്കോളയെ അത് സഹായിക്കുമെന്നും നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല, കമ്പനി ഖരമാലിന്യങ്ങൾ വളമാണെന്ന വ്യാജേന കൊഴിഞ്ഞാമ്പാറ, ആലത്തൂർ പ്രദേശങ്ങളിൽ പോലും വിതരണം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇത്തരം പ്രദേശങ്ങളെക്കൂടി പഠനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണെന്നും നിവേദനത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. പ്ലാച്ചിമട കോളവിരുദ്ധ സമരസമിതി അദ്ധ്യക്ഷൻ വിളയോടി വേണുഗോപാൽ, ഐക്യദാർഢ്യ സമിതി ചെയർമാൻ ഇന്ത്യനൂർ ഗോപി, ജനറൽ കൺവീനർ വിജയരാഘവൻ ചേലിയ എന്നിവർ ചേർന്നാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

## നോട്ടീസ്

പാലക്കാട് ജില്ലയിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനംമൂലം കൃഷി, മൃഗസമ്പത്ത്, കുടിവെള്ളം, പൊതുജനാരോഗ്യം, ജീവനോപാധികൾ, പരിസ്ഥിതി, ഭൂഗർഭജലം, കുടിവെള്ളസ്രോതസ്സുകൾ തുടങ്ങിയ മേഖലകളിലുണ്ടായ നഷ്ടത്തിന്റെ വ്യാപ്തിയും സ്വഭാവവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി നഷ്ടം സംഭവിച്ച വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും പരാതികളും നിർദേശങ്ങളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇതു സംബന്ധിച്ച പരാതിയുള്ളവരും തല്പരരായ പൊതുജനങ്ങളും സന്നദ്ധസംഘടനകളും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ശാസ്ത്രജ്ഞരും വിദഗ്ധരും, കൊക്കോകോള കമ്പനി അധികൃതരും ഇക്കാര്യത്തിലുള്ള തങ്ങളുടെ പ്രതികരണം ഈ നോട്ടിസ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം (30.09.2009 നകം) താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും വിലാസത്തിൽ അറിയിക്കണെന്ന് താല്പര്യപ്പെടുന്നു.

ഡയറക്ടർ
ഭൂജല വകുപ്പ്
ജലവിജ്ഞാൻ ഭവൻ
അമ്പലമുക്ക്
കവടിയാർ പി.ഒ.
തിരുവനന്തപുരം 695 003
**e-mail: gwdkerela@gmail.com**

ജില്ലാ ആഫീസർ
ഭൂജല വകുപ്പ്
എ - 18, മുനിസിപ്പൽ
ടി.ബി. കോംപ്ലക്സ്
ബസ്സ്റ്റാൻഡിനു സമീപം
പാലക്കാട് - 14
**gwdpkd@gmail.com**

(ഒപ്പ്)
കെ. ജയകുമാർ
അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവം)
ചെയർമാൻ, ഉന്നതാധികാര സമിതി